**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1851** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിന് സമഗ്ര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനായി പുതിയ ഇനം പശുക്കളെയും കോഴികളെയും കേരളത്തിലേക്ക് കൊണ്ടുവരുന്നതിനും ഇവിടെയുള്ള നാടൻ ഇനങ്ങളെ സംരക്ഷിക്കുന്നതിനുമായി പദ്ധതി തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി പദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | സൂക്ഷ്മമായ ആസൂത്രണത്തോടുകൂടി മൃഗസംരക്ഷണ വകുപ്പ് പ്രജനന നയം നടപ്പിലാക്കിയതിന്റെ ഫലമായി കേരളത്തിലെ കന്നുകാലികളുടെ ഉത്പ്പാദനക്ഷമത 3 ലിറ്ററിൽ നിന്നും പതിന്മടങ്ങു വർധിച്ചു. ഇന്ന് സംസ്ഥാനത്ത് പാലുത്പാദനം ശരാശരി 10.2 ലിറ്റർ ആണ്. ആവശ്യത്തിന് പാൽ ലഭ്യമാകുന്ന സാഹചര്യം സംസ്ഥാനത്തു നിലവിലുള്ളതിനാൽ പുതിയ ഇനം പശുക്കളെ കേരളത്തിലേയ്ക്ക് കൊണ്ടു വരേണ്ട സാഹചര്യമില്ല. കൂടാതെ രോഗപ്രതിരോധ ശേഷി കണക്കിലെടുത്തു തനതു ജനുസ്സുകളെ സംരക്ഷിക്കുന്നതിനായി നാടൻ ഇനങ്ങളെ കണ്ടെത്തി അവയുടെ ജനിതക പഠനം നടത്തുന്നതിന് വകുപ്പ് ശ്രമം നടത്തിവരുന്നു. വെച്ചൂർ, കാസർകോഡ് കുള്ളൻ, വയനാടൻ കുള്ളൻ, ചെറുവള്ളി, പെരിയാർ കുള്ളൻ തുടങ്ങിയ നാടൻ ഇനങ്ങളുടെ സംരക്ഷണത്തിനായി അവയുടെ ഗാഢ ശീതീകരിച്ച ശുദ്ധ ബീജമാത്രകൾ കെ.എൽ.ഡി ബോർഡ് മുഖേന ഈ ഇനങ്ങൾ കണ്ടുവരുന്ന പ്രദേശങ്ങളിൽ ലഭ്യമാക്കി വരുന്നു. നിലവിൽ വെച്ചൂർ പശുക്കളെ നാടൻ ഇനമായി അംഗീകരിച്ചിട്ടുണ്ട്. കാസർകോഡ് കുള്ളൻ പശുക്കളെ സംരക്ഷിക്കുന്നതിനായി കാസർകോഡ് ജില്ലയിലെ ബദിയടുക്കയിൽ ഈ ഇനത്തിനായി ഒരു ഫാം തന്നെ സർക്കാർ തുടങ്ങിയിട്ടുണ്ട്. വയനാടൻ കുള്ളൻ ഇനത്തിന്റെ ജനിതക പഠനം വകുപ്പിന്റെ ധന സഹായത്തോടെ കെ.എൽ.ഡി ബോർഡിന്റെ ജീനോമിക് ലാബിൽ നടത്തി വരുന്നു. വെച്ചൂർ പശുക്കളുടെയും, ചെറുവള്ളി, വയനാടൻ കുള്ളൻ തുടങ്ങിയ ഇനങ്ങളുടെയും സംരക്ഷണത്തിന് ആവശ്യമായ പദ്ധതികൾ തയാറാക്കി കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ഗോകുൽ മിഷനിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. നാടൻ കോഴി ഇനങ്ങളുടെ സംരക്ഷണ ഉദ്ദേശത്തോടുകൂടി മൃഗസംരക്ഷണ വകുപ്പിന്റെ മലമ്പുഴ ചെങ്ങന്നൂർ, |

| | | | |
|---|---|---|---|
| | | | തോട്ടത്തറ ഫാമുകളിൽ അസീൽ, കടക്ക്നാഥ് എന്ന് അറിയപ്പെടുന്ന കരിങ്കോഴി, naked neck, തലശ്ശേരി എന്നി ഇനങ്ങളെ വളർത്തി വിപണനം ചെയ്തു വരുന്നു. നാടൻ താറാവ് ഇനങ്ങളായ ചാര, ചെമ്പല്ലി എന്നിവയെ പത്തനംതിട്ട ജില്ലയിലെ നിരണം ഡക്ക് ഫാമിൽ പരിപാലിച്ച് മഞ്ചാടി ഡക്ക് ഹാച്ചറി വഴി താറാവ് കുഞ്ഞുങ്ങളെ കർഷകർക്ക് വ്യാപകമായി നൽകി വരുന്നു. പ്രസ്തുത നാടൻ താറാവ് ഇനങ്ങളെ കർഷകർക്ക് നൽകാനുള്ള ഉദ്ദേശത്തോടുകൂടി മലപ്പുറം കേന്ദ്രീകരിച്ചു ഒരു ഡക്ക് ഫാം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. മണ്ണുത്തി കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസസ് വികസിപ്പിച്ചെടുത്ത, മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകൾ വഴി നൽകുന്ന ഇറച്ചിക്കും മുട്ടയ്ക്കും അനുയോജ്യമായ കോഴി ഇനമായ ഗ്രാമശ്രീ സാധാരണ കർഷകർക്ക് വീട്ട് വളപ്പിൽ വളർത്താൻ അനുയോജ്യമായതാണ്. രോഗപ്രതിരോധ ശേഷിയുള്ളതും തൊടിയിലെ ഭക്ഷ്യ അവശിഷ്ടങ്ങളും, കീടങ്ങളും ഭക്ഷിക്കുന്ന ഇനവുമായ ഗ്രാമശ്രീ കോഴികളെയാണ് RKI പദ്ധതി വഴിയും, ജനകീയാസൂത്രണ പദ്ധതി വഴിയും കർഷകർക്ക് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ